**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 336** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക നില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിയിലേക്ക് നീങ്ങുകയാണെന്നും അത് ദൈനംദിന ചിലവുകളെപ്പോലും ബാധിക്കുന്ന ഒരു സാഹചര്യം ആയി മാറിയെന്നുമുള്ളത് വസ്തുതയാണോ; | (എ) | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും സർക്കാരിന്റെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയത് സാമ്പത്തികനിലയെ എപ്രകാരമാണ് ബാധിച്ചത്; ഇതിനായി പ്രതിവർഷം എത്ര കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക പരിമിതികൾ ഉണ്ടായിട്ടും സർക്കാരിന്റെ പ്രതിജ്ഞാബദ്ധത അനുസരിച്ചാണ് അഞ്ചു വർഷ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയത്. ഈ ഇനത്തിലുള്ള പ്രതിവർഷ അധിക ബാദ്ധ്യതയായി ശമ്പള പരിഷ്കരണ കമ്മീഷൻ തിട്ടപ്പെടുത്തിയിരിക്കുന്നത് 4810.29 കോടി രൂപയാണ്. |
| (സി) | കോവിഡ് മൂലമുണ്ടായ പ്രതിസന്ധി നികുതി പിരിവിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കോവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നടപടികളുടെ അനന്തര ഫലമായി നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. നിയന്ത്രണങ്ങൾ പിൻവലിക്കുന്നത് അനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | അനാവശ്യ ചിലവുകൾ ഒഴിവാക്കിയും ചിലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന മുൻ സർക്കാരിന്റെ നയത്തിന്റെ ഭാഗമായായണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നടപടികൾ തുടർന്നു പോരുന്നു. |

സെക്ഷൻ ഓഫീസർ